(ജി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിൽ ആരെല്ലാമാണ് പ്രതികളെന്ന് വ്യക്തമാക്കാമോ ;

(എച്ച്) പ്രസ്തുത കേസ്സിന്റെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഐ) കേസ്സന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മനേഷ് എന്നയാളുടെ ഭാര്യയുടെ പരാതി ലഭിച്ചിട്ടില്ല. എന്നാൽ മഹേഷ് എന്നയാളുടെ ഭാര്യ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പരാതി കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷനിൽ അയച്ചു കൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 1511/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മഹേഷ് എന്നയാളിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) മൊഴിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) ഉണ്ട്. കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 1511/2013 പ്രകാരം.

(ജി) 1. ശ്യാം സുന്ദർ, 2. രജിൽ, 3. ജോസഫ്, 4. നീഷ, 5. ജിംനേഷ്, 6. റിജിൽ, 7. പ്രേംജിത്ത്, 8. വരുൺ, 9. ഷിജിൻ, 10.തിരിച്ചറിയാത്ത ഒരാൾ.

(എച്ച്) കണ്ണൂർ ഠൗൺ പോലീസ് സർക്കിൾ ഇൻസ്പെക്ടറും വളപട്ടണം പോലീസ് സർക്കിൾ ഇൻസ്പെക്ടറും ഈ കേസ് അന്വേഷിച്ചിട്ടുണ്ട്.

(ഐ) ടി കേസിലെ 1 മുതൽ 6 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒമ്പതാം പ്രതി മരണപ്പെട്ടുപോയിട്ടുള്ളതുമാകുന്നു. 7, 8 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പത്താം പ്രതിയെ തിരിച്ചറിയുവാൻ ബാക്കിയുണ്ട്. കേസ് അന്വേഷണാവസ്ഥയിൽ ആയതിനാൽ ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷൻ

179 (6328) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസ് സബ് ഡിവിഷനുകൾ നിലവിലുണ്ട് ; ഒരു സബ് ഡിവിഷനുകീഴിൽ ശരാശരി എത്ര പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടും ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സബ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) പത്തനംതിട്ട ജില്ലയിൽ എത്ര പോലീസ് സബ് ഡിവിഷനുകൾ ഉണ്ട് ; ഓരോ സബ് ഡിവിഷനുകീഴിലുംവരുന്ന പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ ;

(ഡി) ഗവി, പമ്പാവാലി, കിഡുമം, ചാത്തൻതറ, നാറാണംതോട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സബ് ഡിവിഷണൽ പോലീസ് ആസ്ഥാനത്തെത്താൻ വന്നിവഴി വളരെയധികം ദൂരം യാത്ര ചെയ്യേണ്ടിവരുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലെ പത്തനംതിട്ട ജില്ലയിലെ സബ് ഡിവിഷനുകൾ പുനഃക്രമീകരിച്ചുകൊണ്ടും റാന്നി കേന്ദ്രമാക്കി പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് 55 പോലീസ് സബ് ഡിവിഷനുകളാണ് ഉള്ളത്. ഒരു സബ് ഡിവിഷനുകീഴിൽ ശരാശരി 8 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടും.

(ബി) ഉണ്ട്. നാദാപുരം, ചങ്ങനാശ്ശേരി എന്നീ രണ്ട് സബ് ഡിവിഷനുകൾ.

(സി) 3 സബ് ഡിവിഷനുകൾ നിലവിലുണ്ട് :

1. പത്തനംതിട്ട സബ് ഡിവിഷൻ
   - പത്തനംതിട്ട പോലീസ് സ്റ്റേഷൻ
   - ആറൻമുള പോലീസ് സ്റ്റേഷൻ
   - കോയിപ്രം പോലീസ് സ്റ്റേഷൻ
   - ചിറ്റാർ പോലീസ് സ്റ്റേഷൻ
   - മൂഴിയാർ പോലീസ് സ്റ്റേഷൻ
   - പമ്പ പോലീസ് സ്റ്റേഷൻ
2. അടൂർ സബ് ഡിവിഷൻ
   - അടൂർ പോലീസ് സ്റ്റേഷൻ
   - ഏനാത്ത് പോലീസ് സ്റ്റേഷൻ
   - പന്തളം പോലീസ് സ്റ്റേഷൻ
   - കൊടുമൺ പോലീസ് സ്റ്റേഷൻ
   - കോന്നി പോലീസ് സ്റ്റേഷൻ
   - കൂടൽ പോലീസ് സ്റ്റേഷൻ
   - തണ്ണിത്തോട് പോലീസ് സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

3. തിരുവല്ല സബ് ഡിവിഷൻ

- തിരുവല്ല പോലീസ് സ്റ്റേഷൻ
- പുളിക്കീഴ് പോലീസ് സ്റ്റേഷൻ
- കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ
- റാന്നി പോലീസ് സ്റ്റേഷൻ
- പെരുമ്പട്ടി പോലീസ് സ്റ്റേഷൻ
- വെച്ചൂച്ചിറ പോലീസ് സ്റ്റേഷൻ
- പെരുനാട് പോലീസ് സ്റ്റേഷൻ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാന്നി കേന്ദ്രമായി ഒരു പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ പോലീസ് കൺട്രോൾ റൂം - സ്റ്റാഫ് പാറ്റേൺ

180 (6329) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സിറ്റിയിൽ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത് എന്നാണ് ; സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നതിലേക്ക് തീരുമാനിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത ഓഫീസിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ടെന്നും, ആയതിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ സിറ്റി പോലീസ് കൺട്രോൾ റൂമിൽ ഉള്ളതു പോലെ കൂടുതൽ തസ്തികകൾ അനുവദിച്ച് ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കുവാൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) 18-1-2008 -ലാണ് കൊല്ലം സിറ്റിയിലെ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത്. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു :

എസ്.ഐ.	- 6
എ.എസ്.ഐ.	- 1
എസ്.സി.പി.ഒ.	- 23
സി.പി.ഒ.	- 15

LIBRARY ARCHIVES Kerala Legislative Assembly